# കേരളസർവകലാശാല

നം.പി.ആർ.250/2020

## പത്രക്കുറിപ്പ്

### കേരളസർവകലാശാല: സ്റ്റുഡന്റ്സ് കൗൺസിൽ, യൂണിയൻ (2019–2020) തെരഞ്ഞെടുപ്പ് – വോട്ടർപട്ടിക പ്രസിദ്ധീകരിച്ചു

കേരളസർവകലാശാല സെനറ്റിലേക്കും സ്റ്റുഡന്റ്സ് കൗൺസിലേക്കുമുള്ള വിദ്യാർത്ഥി പ്രതിനിധികളുടേയും കേരളസർവകലാശാല യൂണിയൻ (2019–2020) ഭാരവാഹികളുടേയും തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വോട്ടർപട്ടികകൾ ഡിസംബർ 15 ന് കേരളസർവകലാശാല ഓഫീസിലും സർവകലാശാല വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. കേരളസർവകലാശാല യൂണിയൻ (2019–2020) ഭാരവാഹികളുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വോട്ടർപട്ടികയിലേക്കുള്ള തിരുത്തൽ/ഒഴിവാക്കൽ/കൂട്ടിച്ചേർക്കലുകൾക്കുമായി ഡിസംബർ 21 ഉച്ചയ്ക്ക് 1 മണി വരെ അപേക്ഷിക്കാവുന്നതാണ്.

### പുതുക്കിയ പരീക്ഷാത്തീയതി

ഡിസംബർ 18, 21, 23 തീയതികളിൽ നടത്താൻ നിശ്ചയിച്ചിരുന്ന നാലാം സെമസ്റ്റർ ബി.ടെക്., ഒക്ടോബർ 2020 (2013 സ്കീം) പരീക്ഷകൾ യഥാക്രമം ഡിസംബർ 28, 30, 2021 ജനുവരി 1 എന്നീ തീയതികളിൽ നടത്തുന്നതാണ്. മറ്റു ദിവസങ്ങളിലെ പരീക്ഷകൾക്ക് മാറ്റമില്ല.

ഡിസംബർ 22 ന് ആരംഭിക്കുന്ന ആറാം സെമസ്റ്റർ ബി.ടെക്. ഡിഗ്രി (2008 സ്കീം) സെപ്റ്റംബർ 2020 –സപ്ലിമെന്ററി, പാർട്ട്ടൈം (2007 അഡ്മിഷൻ വരെയുള്ള മേഴ്സിചാൻസ്) പരീക്ഷയിൽ ഡിസംബർ 22 ലെ മാത്രം പരീക്ഷ ഡിസംബർ 29 ലേക്ക് മാറ്റിവച്ചിരിക്കുന്നു. മറ്റു ദിവസങ്ങളിലെ പരീക്ഷകൾക്ക് മാറ്റമില്ല.

### പരീക്ഷാഫലം

2020 ജനുവരിയിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.ബി.എൽ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കുള്ള അപേക്ഷകൾ ഡിസംബർ 24 ന് മുൻപ് സർവകലാശാല ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2020 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ. ഫിലോസഫി, സോഷ്യോളജി, സംസ്കൃതം (ജനറൽ), ഇസ്ലാമിക് ഹിസ്റ്ററി, മ്യൂസിക് (വയലിൻ), മ്യൂസിക് (വീണ), ഡാൻസ് (കേരളനടനം), മ്യൂസിക്, എം.എം.സി.ജെ., എം.എസ്.സി. ഹോം സയൻസ്, ജിയോളജി, കൗൺസിലിംഗ് സൈക്കോളജി, ഇലക്ട്രോണിക്സ് എന്നീ പരീക്ഷാഫലങ്ങൾ പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിക്കുന്നതിനുള്ള അവസാന തീയതി ഡിസംബർ 29. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

**പബ്ലിക്ക് റിലേഷൻസ് ഓഫീസർ**

**തിരുവനന്തപുരം**

**16.12.2020**

**e-mail:** ku.release@gmail.com **website:** www.keralauniversity.ac.in

**University information is available on 9188526670, 9188526671, 9188526674, 9188526675**